| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| **അഞ്ചാം സമ്മേളനം** | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4282 | 28-06-2012 - ൽ മറുപടിക്ക് |
| **വൊക്കേഷണൽ ഹയർസെക്കണ്ടറി കോഴ്സുകളിൽ കുട്ടികളുടെ കുറവ്** | |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.കെ.വിജയൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) | |
| (എ) | വൊക്കേഷണൽ ഹയർസെക്കണ്ടറി കോഴ്സുകളിൽ ഏതെങ്കിലും വിഷയങ്ങളിൽ കുട്ടികളുടെ കുറവ് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | വി.എച്ച്.എസ്.ഇ കോഴ്സുകൾ നിർത്തലാക്കുന്നതിന് വേണ്ടി എന്തെങ്കിലും സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോ; | (ബി) | ഇല്ല . |
| (സി) | സ്വന്തമായി പ്രിൻസിപ്പാളിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | സ.ഉ (എം.എസ്) നം. 18/2012/പൊ.വി.വ തീയതി 19..1..2012 പ്രകാരം വി. എച്ച്. എസ് ഇ സ്കൂളുകളിൽ താല്ക്കാലികമായി പ്രിൻസിപ്പാളിനെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത കോഴ്സിന്റെ സിലബസ് കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ഡി) | വി.എച്ച്.എസ്.ഇ സിലബസ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | വി.എച്ച്.എസ്.ഇ വിദ്യാർത്ഥികൾക്ക് ഹയർസെക്കണ്ടറി ഇക്വലൻസി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) | സഉ(സാധാ) നം.2700/03/ജി.ഇ തീയതി 10..7..2003 ഉത്തരവ് പ്രകാരം വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ ഹയർ സെക്കണ്ടറിക്ക് തുല്യമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ഇക്വലൻസി സർട്ടിഫിക്കറ്റ് നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം - ജീവനക്കാര്യം - വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ ഏറ്റവും സീനിയറായ വൊക്കേഷണൽ /നോൺ വൊക്കേഷണൽ അദ്ധ്യാപകന് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ വിഭാഗത്തിന്റെ ഭരണ ചുമതല അനുവദിച്ച് ഉത്തരവാകുന്നു.

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ (കൈ)നം.18/2012/പൊവിവ തിരുവനന്തപുരം, തീയതി: 19/01/2012

പരാമർശം 1) സർക്കാർ ഉത്തരവ് (കൈ) നം. 131/91/പൊവിവ, തീയതി 20..08..1991

2) വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ 03..06..2011-ലെ സി.2/16822/07 നമ്പർ കത്ത്.

3) സർക്കാർ ഉത്തരവ് (അച്ചടി) നം. 85/2011/ധന, തീയതി 26..02..2011.

**ഉത്തരവ്**

പരാമർശം (1)-ലെ സർക്കാർ ഉത്തരവു പ്രകാരം വൊക്കേഷണൽ ഹയർസെക്കന്ററി കോഴ്സുകൾ ഉൾകൊള്ളുന്ന സ്കൂളുകളുടെ തലവൻമാരെ പ്രിൻസിപ്പൽമാരായി പുനർനാമകരണം ചെയ്ത് വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിലെ ജോലികൾ കൈകാര്യം ചെയ്യുന്നതിന് ഒരു സ്പെഷ്യൽ പേയും അനുവദിച്ച് നൽകി ഉത്തരവായിരുന്നു.

(2) എന്നാൽ ഇപ്രകാരം വൊക്കേഷണൽ ഹയർസെക്കന്ററി കോഴ്സുകൾ നടത്തുന്ന സ്കൂളുകളിലെ അക്കാദമിക് തലവന് അധിക ചുമതല നൽകുന്നത് മൂലം വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിനുണ്ടാകുന്ന കാര്യനിർവ്വഹണത്തിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ പരാമർശം (2)-ലെ കത്ത് മുഖേന വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി.

(3) വൊക്കേഷണൽ ഹയർസെക്കന്ററി കോഴ്സുകൾ നടത്തുന്ന ഹൈസ്കൂളുകളിൽ ടി വിഭാഗത്തിന്റെ ചുമതല, ഇപ്പോൾ പ്രസ്തുത സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരാണ് വഹിക്കുന്നത്. ഹെഡ്മാസ്റ്റർമാരുടെ മേലുള്ള നിയന്ത്രണം

പൊതുവിദ്യാഭ്യാസ ഡയറക്ടറിലാണ് നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ളത്. വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർക്ക് ഇവരുടെ മേൽ ഇപ്പോൾ നിയമപരമായ യാതൊരു നിയന്ത്രണവുമില്ല. മാത്രമല്ല കൃത്യനിർവ്വഹണത്തിന്റെ വ്യാപ്തി മൂലം വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിന്റെ ഭരണത്തിൽ ഇവർക്ക് പൂർണ്ണമായും ശ്രദ്ധിക്കാൻ കഴിയാത്ത അവസ്ഥയുമാണ്. ഹയർസെക്കന്ററി സ്കൂളുകളിലെപോലെ ഇവിടെയും പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കണമെന്നും വകുപ്പിലെ ജീവനക്കാരെ തന്നെ പ്രിൻസിപ്പലായി നിയമിക്കണമെന്നും വിവിധ കേന്ദ്രങ്ങളിൽ നിന്നും നിരന്തരമായ ആവശ്യം സർക്കാർ മുൻപാകെ ഉന്നയിക്കപ്പെടുന്നുണ്ട്. വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറും ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. ഹയർസെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക പ്രത്യേകം സൃഷ്ടിച്ചിട്ടുണ്ടെങ്കിലും അദ്ധ്യാപനത്തിൽ നിന്ന് അവരെ ഒഴിവാക്കിയിട്ടില്ല. വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിലേക്ക് പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നതിന് സ്പെഷ്യൽ റൂൾ ഭേദഗതി അനിവാര്യമായതിനാൽ ഇത് കാലതാമസം വരുത്തുന്ന പ്രക്രിയയാണ്.

(4) മേൽവിവരിച്ച കാര്യങ്ങൾക്ക് ഒരു പരിഹാരമെന്ന നിലയ്ക്ക് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലെ സർക്കാർ മേഖലയിലെയും എയ്ഡഡ് മേഖലയിലെയും ഏറ്റവും സീനിയറായ വൊക്കേഷണൽ അല്ലെങ്കിൽ നോൺ വൊക്കേഷണൽ അദ്ധ്യാപകന് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ വിഭാഗത്തിന്റെ ഭരണ ചുമതല താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി താത്കാലികമായി നൽകിക്കൊണ്ട് സർക്കാർ ഉത്തരവാകുന്നു.

എ) വൊക്കേഷണൽ / നോൺ വൊക്കേഷണൽ അധ്യാപകരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നത് അവർ ടി സ്കൂളിൽ ജോലിയിൽ പ്രവേശിച്ച തീയതി കണക്കിലെടുത്തായിരിക്കും. ഒരേ ദിവസം ജോലിയിൽ പ്രവേശിച്ചവരുണ്ടെങ്കിൽ പ്രായത്തിന് മുൻഗണന നൽകേണ്ടതാണ്.

ബി) ഹെഡ്മാസ്റ്റർമാർ ഹൈസ്കൂൾ വിഭാഗത്തിന്റെ ഹെഡ്മാസ്റ്റർമാരായി തുടരുന്നതാണ്.

സി) ഇങ്ങനെ വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിന്റെ ചുമതല നൽകപ്പെടുന്നവർക്ക് നിലവിൽ ഹെഡ്മാസ്റ്ററ്ക്ക് ലഭിച്ചു വന്ന 1000 രൂപ സ്പെഷ്യൽ അലവൻസിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

ഡി) ഇങ്ങനെ ചുമതല ലഭിക്കപ്പെടുന്നവർ അധ്യാപന ജോലിയും നിർവഹിക്കേണ്ടതാണ്.

ഇ) വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിലെ അക്കാദമിക് തലവന് ഇപ്പോൾ പ്രതിമാസം ലഭിച്ചുകൊണ്ടിരിക്കുന്ന 500 രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുകയില്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എം.ശിവശങ്കർ**
ഗവൺമെന്റ് സെക്രട്ടറി

1) ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം
2) ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.
3) പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ആഡിറ്റ്, തിരുവനന്തപുരം.
5) അക്കൗണ്ടന്റ് ജനറൽ, എ&ഇ, തിരുവനന്തപുരം.
6) ഡയറക്ടർ, ഐ &പി.ആർ.ഡി
7) ധനകാര്യ വകുപ്പ്
8) പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.

ഉത്തരവിൻ പ്രകാരം

Sd/-

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1) വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
2) പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ-ക്ക്

Sd/-
Section Officer

## GOVERNMENT OF KERALA

Abstract

General Education - Higher Secondary Education Equivale Vocational Higher Secondary Course with Non - Vocational Subjects as Optionals to Higher Secondary Course at Plus Two level - Orders issued.

---

GENERAL EDUCATION (T) DEPARTMENT

G.O.(Rt.)No.2700/03/G.E. Dated, Thiruvananthapuram, 10-07-03

---

Read:-Letter No C2-1184/2003 Dated 19/03/2003 of the Director, Vocational Higher Secondary Education.

### ORDER

Government hereby order that the Vocational Higher Secondary Course with Non-Vocational Subjects as optional conducted by the Department of Vocational Higher Secondary Education, Government of Kerala is equivalent to the two year Higher Secondary Course at Plus Two level with the corresponding subjects conducted by the Kerala Board of Higher Secondary Education.

By Order of the Governor

V.I. AMMINIKUTTY

Deputy Secretary to Govt.

To

The Director, Vocational Higher Secondary Education.
The Director, Higher Secondary education
The Director, SCERT
The Registrar of Universities of Kerala (with Covering letter)
The Secretary, Kerala Public Service Commission
The Director, Information and Public Relations
Office copy / Stock File

Section Officer